

# കാഴ്ച

## വി.സി.എസ്.എച്ച്.എസ്.എസ്.

## പുത്തൻവേലിക്കര

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

Little KITEs

# സന്ദേശം

നൂതന സാങ്കേതിക  വിദ്യയിലേക്ക് വിദ്യാർത്ഥികളെ കൈപിടിച്ചു യർത്തുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ലിറ്റിൽകൈറ്റ്സ് യൂണിറ്റുക ളിലൂടെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് . ചിട്ടയായ പാഠ്യക്രമം വഴി ലിറ്റിൽകൈറ്റ്സ് അംഗങ്ങൾക്ക് സാങ്കേതിക രംഗത്തെ വിവിധമേഖലകളിൽപ്രാവീണ്യം നേടാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഭാഗമായി ലിറ്റിൽകൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ "കാഴ്ച്ച" പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷവും ഒപ്പം അഭിമാനവുംഅറിയിക്കുന്നു. മാഗസിന്റെ നിർമ്മാണത്തിന് പങ്കാളികളായ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും നേതൃത്വം വഹിച്ച അധ്യാപകർക്കും അനുമോദനങ്ങളും ഒപ്പം ആശംസകളും നേരുന്നു.

പ്രധാന അധ്യാപിക

ശ്രീമതി എൻ.സുജ

# കാഴ്ച

**"കാഴ്ച"**, ഇത് വി.സി.എസ്.എച്ച്.എസ്.എസ്സിലെ ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മയുടെ രണ്ടാമത്തെ സംരംഭം. സാങ്കതിക വിദ്യയുടെ പ്രയോഗിക പരിശീലനത്തിലൂടെ കൈവരിച്ച ശേഷികൾ നിങ്ങൾക്കരികിലേക്ക് അവതരിപ്പിക്കുന്നതിനായൊരു എളിയ ശ്രമമാണ് ഈ ഡിജിറ്റൽ മാഗസിൻ. ഞങ്ങൾക്ക് പ്രചോദനമായി നിങ്ങളെല്ലാവരുടെയും പ്രോത്സാഹനം പ്രതീക്ഷിച്ചുകൊണ്ട്,

*എഡിറ്റർ*

# കാഴ്ച്ചയുടെ പുറകിൽ

- ഡിബിൻ ഡിബീഷ്
- അഭിനവ് കൃഷ്ണ
- അക്ഷയ് ടി. എസ്.
- എനോയ് ജോഷി
- അജൽ കൃഷ്ണ
- അർജ്ജുൻ കൃഷ്ണ
- ആഷിൻ കൃഷ്ണ
- രാഹുൽ കെ. ജെ.
- അരവിന്ദ് ഷാജു
- ദേവിക പി. പി.
- അയന ജോസ്
- നിയ മേരി
- ശിവാനി പി. ആർ.
- പ്രണവ് എം. പി.

# താളുകളിലൂടെ.........


- പ്രളയാനന്തരം
- കുട്ടുകാരി
- കാർട്ടൂൺ
- മദ്യവും മയക്കുമരുന്നും
- ജീവിതം
- ചിത്രം
- കലയുടെ ഉത്സവമേളം
- അമ്മുവിന്റെ ഓർമയിലെ പ്രളയം
- വണ്ടിയോടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ
- കവിത -

# പ്രളയാനന്തരം

കലിയിളകി പേമാരി
ഭ്രാന്തിയായ് മാറുന്ന നിമിഷം
നാടായ നാടും കാടായ കാടും
കാണവാനെത്തുന്ന പ്രളയം...
എന്തെന്ന നോക്കാതെ ആരെന്ന നോക്കാതെ
ശൂന്യമാക്കീടുന്ന പ്രളയം ...
അതിജീവിനം ഒരു മൂർച്ചയേറിയ
ആയുധമാക്കി നേരിട്ടു നാം
കടലിന്റെ മക്കൾ കൈത്താങ്ങായ്
വന്നെത്തിയതൊട്ടുമേ
മറക്കരുതേ നാം
നേർപെട്ടു സൗഹൃദ ബന്ധങ്ങൾ ഏറെയും
വാർദ്ധക്യമേറെ വിടപറഞ്ഞു
പലരെയും പലതിനേയും
കാണവാനാഗ്രഹിച്ചെങ്കിലും
മാച്ച കളഞ്ഞേറെയും പ്രളയം
നാടു കാണാൻ ഇറങ്ങിയക്രൂരൻ-
ആകുന്ന നമുക്കീപ്രളയം
ഗുരുവചനങ്ങൾ അർത്ഥവത്തായ
നാളായ് മാറുന്ന പ്രളയം
ബാഗില്ല ബുക്കില്ല എങ്കിലും
ആവേശം ഒട്ടും കുറഞ്ഞില്ല പൈതങ്ങൾക്ക്
പോയതൊക്കെയും പോയിട്ടില്ല
എന്ന വരുത്തി തീർക്കുവാൻ
മുന്നിട്ടിറങ്ങി നാം ഏറെയും.

കൃഷ്ണലാൽ പി ജെ

# കൂട്ടുകാരി

ഞാൻ ആദ്യം കണ്ടപ്പോൾ എന്നെ
നോക്കാതെ മാറിപ്പോയവൾ,
പിന്നെ മിണ്ടിതുടങ്ങിയപ്പോൾ
എന്റെ പ്രിയപ്പെട്ടവൾ,
എന്നെ ആദ്യമായി കരയിപ്പിച്ചവൾ,
ആശ്വസിപ്പിച്ചവൾ,

പിണക്കത്തോടെ അടുത്തു നാം
പിരിയാൻ കഴിയാത്തപോലെ,
കൂടപിറപ്പല്ലാഞ്ഞിട്ടു കൂടി
ഒരു കൂടപിറപ്പിനെ പോൽ, സ്നേഹിച്ചു എന്നെ നീ
ഞാൻ വീഴുമ്പോൾ എന്നെ കൈ-
പ്പിടിച്ച് ഉയർത്തി നീ ,

എന്റെ തോളോടു തോൾ ചേർന്നു
നടക്കും എന്നും നാം ആ വഴിയിൽ,
എന്നെ സംരക്ഷിക്കാൻ എന്റെ
അമ്മയെപ്പോൽ നീ നടക്കുന്നു,
നിഴലായ് നീ മറഞ്ഞിരിക്കുന്നു
എനിക്കായ് നീ ഉണർന്നുവന്നു.

എന്റെ കൈയോടു കൈപിടിച്ചു നീ
എന്നും പിടിക്കുമെന്നൊരു വിശ്വാസത്താൽ,
ഞാൻ പിണങ്ങും നേരം
കൂട്ടുകൂടി വന്നിടുമെൻ കൂട്ടുകാരി,

മനസ്സിന്റെ വേദനയും സന്തോഷവും
പറഞ്ഞു തീർക്കാൻ എനിക്കായ് ദൈവം
നൽകിയവൾ, എന്റെ മാത്രമായവൾ

പിരിയില്ല , എന്നു വിചാരിച്ചു നാം
പിരിയുന്നു ഈ വേളയിൽ.

അയന ജോസ്




അമർജിത്ത് എൻ എസ്

# മദ്യവും മയക്കുമരുന്നും

ആഗ്നറ്റ് കെ.ടി.

വിദ്യാർത്ഥി സമൂഹത്തെ ബാധിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്താണ് മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗം.സമൂഹത്തിലെ ഒട്ടുമിക്ക കുറ്റകൃത്യങ്ങൾക്കും പിന്നിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും സ്വാധീനമുണ്ട്.ഏറ്റവും കൂടുതൽ ലഹരിക്ക് അടിമപ്പെടുന്നവർ പതിനെട്ടുവയസ്സിൽ താഴെയുള്ളവരാണ്.മയക്കുമരുന്നുകൾ ഇന്ത്യയിൽ നിരോധിച്ചിട്ടുണ്ടെങ്കിലും ഇവ എല്ലായിടത്തും സുലഭമായി വിൽക്കുന്നു. ഏറ്റവും അധികം പണം സമ്പാദിക്കുന്നതിനായിയുള്ള ഒരുതരം ബിസിനസ്സായി അത് മാറിക്കഴി ഞ്ഞിരിക്കുന്നു.

കൗമാരക്കാരാണ് ഇവരിൽ ഏറ്റവും അധികവും.പല ലഹരിസംഘങ്ങളും ലഹരി കൈമാറ്റം ചെയ്യാൻ വിദ്യാർത്ഥികളെ ഉപയോഗിക്കുന്നു.ഇന്ത്യയിലെക്ക് ആദ്യ ലഹരിമരുന്ന് ഇറക്കുമതി ചെയ്തത് ചൈനയിൽ നിന്നാണ്.കറുപ്പ് എന്നതാണ് ആ ലഹരി വസ്തുവിന്റെ പേര്. പുകവലിയിൽ തുടങ്ങി ക്രമേണ മദ്യപാനത്തിലേക്കും മയക്കുമരുന്നുകളുടെ ഉപയോഗത്തിലേക്കും വിദ്യാർത്ഥികൾ വഴുതി വീഴുന്നത് കുറെയൊക്കെ ദൃശ്യമാധ്യമങ്ങളുടെ സ്വാധീനം മൂലമാണ്. മയക്കുമരുന്ന് ഉപയോഗിച്ചാൽ പിന്നീട് അവ ഒഴിവാക്കാനാവാതെ വരും. മദ്യപാനം കുടുംബങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുന്നു.


സമൂഹത്തെ കാർന്നുതിന്നുന്ന ദുശ്ശീലങ്ങൾ ഇല്ലാതാക്കാൻ ഗവർമെന്റ് കാര്യമായി ഈ വിഷയത്തിൽ ഇടപെടേണ്ടതുണ്ട്. പുകവലി, മദ്യപാനം എന്നിവ പ്രോത്സാഹിപ്പിക്കുന്ന പരസ്യങ്ങൾ നിരോധിക്കേണ്ടതാണ്. അന്യസംസ്ഥാന ങ്ങളിൽ നിന്നുകുടിയേറി പാർത്തവരിൽ നിന്നാണ് ഏറ്റവും കൂടുതൽ ലഹരി കേരളത്തിലെത്തുന്നത്. മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണ പരിപാടികൾ അവതരിപ്പിക്കാം.മയക്കുമരുന്നുകളെക്കുറിച്ചുള്ള ഒരു പാഠം പാഠപുസ്തകങ്ങളിൽ ചേർക്കുന്നതുവഴി വിദ്യാർത്ഥികൾക്ക് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കാൻ

സാധിക്കും.മദ്യത്തിനോടും മയക്കുമരുന്നിനോടും ഒരിക്കലും ഞാനിത് ഉപയോഗിക്കുകയില്ലെന്ന് വിദ്യാർത്ഥികളായ നമുക്ക് പ്രതിജ്ഞയെടുക്കാം.നല്ലൊരു നാളെയെ നമുക്ക് വാർത്തെടുക്കാം,അതിനായി ഒറ്റക്കെട്ടായി നിന്ന് പരിശ്രമിക്കാം.

# ജീവിതം

നിയ മേരി

ജീവിതം  ദൈവത്തിൻ ദാനം. ജീവിതത്തിൽ സുഃഖവും ദുഃഖവും നൽകുന്നത്  ദൈവമാണ്. ജീവിതത്തിലെ സുഃഖവും ദുഃഖവും സന്തോഷത്തോടെ നേരിടണം. ജീവിതം ആസ്വദിക്കണം. സ്കൂളിലെ ജീവിതം കളിച്ചും പഠിച്ചും രസിക്കണം. ടീച്ചർമാരെ ബഹുമാനിച്ചും സംശയം ചോദിച്ചും തീർക്കണം. ജീവിതം  വളരെ ചെറുതാണ്.ഇന്നത്തെ കാര്യങ്ങൾ ഇന്നു തന്നെ  ചെയ്യണം നാളെത്തെക്കായി മാറ്റി വെയ്ക്കരുത്. ജീവിതം ഒരു മഹാനദിപോലെ ഒഴുകുകയാണ്..



ആവണി രവി

# കലയുടെ ഉത്സവമേളം

ഈ വർഷത്തെ പറവൂർ ഉപജില്ല കലോത്സവം ഞങ്ങളുടെ വിദ്യാലയത്തിൽ നടന്നപ്പോൾ ഞങ്ങൾക്കത് അക്ഷരാർത്ഥത്തിൽ മഹോത്സവം തന്നെയായിരുന്നു ഒക്ടോബർ 28,29,30 നവംബർ 1 എന്നീ നാലുദിവസങ്ങളിൽ ഞങ്ങൾ തികഞ്ഞ ഉത്തരവാദിത്ത ബോധവും അച്ചടക്കവുമുള്ള ആതിഥേയരായി. 71 വിദ്യാലയങ്ങളിൽ നിന്നും എത്തിയ മത്സരാർത്ഥികൾക്ക് സൗകര്യപ്രദമായ അന്തരീക്ഷമൊരുക്കാൻ എന്റെ വിദ്യാലയത്തിന് കഴിഞ്ഞു എന്നത് ഞാൻ അഭിമാനത്തോടെ അറിയിക്കട്ടെ. അതിലുമുപരി ലിറ്റിൽ കൈറ്റ് ക്ലബിലെ അംഗമാകാൻ കഴിഞ്ഞതിൽ എനിക്കുണ്ടായ ആനന്ദം പറഞ്ഞറിയിക്കാനാകില്ല.
കാരണം വിവിധ സ്റ്റേജുകളിൽ അവതരിപ്പിക്കുന്ന മത്സരയിനങ്ങൾ വെബ്ക്യാം ഉപയോഗിച്ച് ഞങ്ങൾ റെക്കോർഡ് ചെയ്തു . വിധി പ്രസ്താവിക്കുമ്പോഴുണ്ടാകുന്ന സങ്കീർണതകൾ പരിഹരിക്കാൻ ഇത് ഏറെക്കുറെ സഹായിച്ചു. പ്രശംസനീയമായ സേവനം കാഴ്ചവെച്ചതിന് വിദ്യാലയത്തിന്റെ അഭിനന്ദനം ഏറ്റുവാങ്ങുമ്പോൾ മനസ്സ് ഒരു കുഞ്ഞുപട്ടം കണക്കെ വാനിലേക്ക് ഉയർന്നു....

അക്ഷയ് . ടി . എസ്

ലിറ്റിൽ

കൈറ്റ്

# അമ്മുവിന്റെ ഓർമയിലെ പ്രളയം

രാവിലെത്തന്നെ അമ്മു എഴുന്നേറ്റു. ഓടാനായി പോയപ്പോൾ അവൾ കു-ളങ്ങളും പുഴകളും നിറഞ്ഞൊഴുകുന്നത് കണ്ടു . അവൾ വിചാരിച്ചു ; എന്താണാ-വോ പുഴകളും കുളങ്ങളും നിറഞ്ഞൊഴുകുന്നത് ?അവൾ വീണ്ടും ഓടാൻ തു-ടങ്ങി. ഓടി അവൾ വീട്ടിലെത്തി.വീട്ടിലെത്തിയപ്പോൾ ഉടനെ അവൾ വീട്ടി-ലെ എല്ലാവരോടും പറഞ്ഞു: അച്ഛാ അമ്മേ,മുത്തശ്ശി ഞാനിന്ന് പോയപ്പോൾ നമ്മുടെ പരിസരത്തുള്ള കുളവും പുഴയും നിറഞ്ഞൊഴുകുന്നു.അതെന്താണെന്ന് നിങ്ങൾക്ക് അറിയുമോ?അപ്പോൾ അവളുടെഅച്ഛൻ പറഞ്ഞു: "നീയിന്ന് പത്ര-ത്തിലുംടീവിയിലും കണ്ടില്ലേ എറണാകുളം ജില്ലയിൽ റെഡ്അലർട്ടാണെന്ന്.-അത് സൂചിപ്പിക്കുന്നത് നമ്മുടെഅടുത്തൊക്കെ പെട്ടെന്ന് വെള്ളം കയറുമെന്നാ-ണ്." അതാണോ പുഴയും കുളവുമെല്ലാം നിറഞ്ഞൊഴുകുന്നത്? അതേ മോളെ.അ-ന്ന് രാത്രി അവളുടെ വീട്ടിൽ വെള്ളം കയറി. അവളുടെ അച്ഛനും അമ്മയും എല്ലാ സാധനങ്ങളും തട്ടിന്റെ മുകളിൽഎടുത്തുവെക്കുന്നുണ്ട് .സാധനങ്ങളെല്ലാം എടുത്ത് വച്ച് അവർ അവരുടെ മുത്തശ്ശിയേയുംകൂട്ടി അമ്മുവിന്റെ അമ്മായിയുടെ വീട്ടിൽ പോയി.അവിടെ ഒരു ദിവസം അവർ താമസിച്ചു.അമ്മുവുംഅവളുടെഅ-ച്ഛനുംഅമ്മയും മുത്തശ്ശിയുമെല്ലാം അവരുടെ വീടിന്റെ അവസ്ഥ ആലോചിച്ചു വിഷമിച്ചിരിക്കുകയാണ്. അമ്മുവിന്റെ മുത്തശ്ശിയ്ക്കു് വീട്ടിലെ കാര്യങ്ങളോർത്ത് പേടിപ്പനിയും വന്നു. കുറച്ച് സമയം കഴിഞ്ഞ് അവർ ക്യാമ്പിലേക്ക് പോയി.-അവിടെ ഒരു ആഴ്ചയോളം കഴിഞ്ഞു. ഹെലികോപ്റ്ററിൽ വന്ന് രക്ഷാപ്രവർ-ത്തകർ ബിസ്കറ്റ്, ബ്രഡ്, തുടങ്ങി പലപല വസ്തുകൾ കൊണ്ടുവന്ന് ക്യാമ്പിലേ-ക്ക് നൽകി. ചില ആളുകൾ ക്യാമ്പിൽ നിന്ന് എത്ര വരെ വെള്ളം കേറിയെന്ന് നോക്കുവാൻ ചെന്നിരുന്നു. വെള്ളമിറങ്ങി അവർ ക്യാമ്പിൽ നിന്ന് വീട്ടിലേക്ക് തിരിച്ചു വന്നു. വീടിന്റെ അവസ്ഥ കണ്ട് അവർ അമ്പരന്നു പോയി. പ്രകൃതിയെ നശിപ്പിക്കുതിനാൽ പ്രകൃതി തന്ന തിരിച്ചടിയാണ് പ്രളയം എന്ന് എല്ലാവർ-ക്കും മനസ്സിലായി.

(ശ്രീലക്ഷണ ദിലീപ്)

# വണ്ടിയോടിക്കുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ

.വേഗത കുറച്ചു പോവുക..

.ഇരുചക്ര വാഹനങ്ങളിൽ രണ്ട് പേർ മാത്രം കയറുക, രണ്ടു പേരും നിർബന്ധമായും ഹെൽമറ്റ് ധരിക്കുക..

.മറ്റു വാഹനങ്ങളിൽ സീറ്റ് ബെൽറ്റ് ഇടുക

.വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കാതിരിക്കുക.

.പ്രായപൂർത്തിയാകാതെ വാഹനം ഓടിക്കരുത്.

.മദ്യപിച്ചു വാഹനം ഓടിക്കരുത്.

റോഡ് സുരക്ഷ ക്ലബിനു വേണ്ടി

**ലിറ്റിൽ കൈറ്റ്സ്**

# വാർദ്ധക്യം

വാർദ്ധക്യമല്ലാത്ത കാലത്തൊരിക്കലെൻ

മകനെന്നോടോതി...........

എനിക്കെൻെറ അമ്മയെ ഒത്തിരി ഇഷ്ടമാണ്

എക്കാലവും എന്നമ്മ ഒപ്പമുണ്ടാകണം......

പൂമലർച്ചെണ്ടുപോലുള്ളൊരാ ചുണ്ടിൽനിന്നു

പൊഴിഞ്ഞൊരാ വാക്കുകൾ...........

സത്യമാണെന്ന് ഞാനന്ന് ചിന്തിച്ചു.

ഇന്നത് കേൾക്കുവാനിമ്പമുള്ള വെറുംവാക്കുകൾ!

കെട്ട് പിരിഞ്ഞൊരാ ജീവിത യാത്രയിൽ

കൈവരിച്ചതിത്രമാത്രം.........

മാധുര്യമായുള്ള ബാല്യത്തിൽ നിറം-

മങ്ങിയതറിയുന്നെൻ വാർദ്ധക്യം.......








# വാർഷികാഘോഷത്തിലൂടെ





# നന്ദി.....

- സഹകരിച്ചവരോട്...
- പ്രോത്സാഹിപ്പിച്ചവരോട്...
- തെറ്റുകൾ തിരുത്തിതന്നവരോട്...